**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3643** **12-03-2025 - ൽ മറുപടിയ്ക്ക്**

**ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ</td><td colspan="2">ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2016 മുതലുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽ പരിശിലനം നൽകി പുനരധിവസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ 2 സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും ഉന്നമനത്തിനുമായി 2019-20 സാമ്പത്തികവർഷം മുതൽ അതിജീവനം എന്ന സമഗ്രപദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>അതിജീവനം പദ്ധതിക്കായി 2019-20 സാമ്പത്തികവർഷം മുതൽ ബജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><table><tr><th>വർഷം</th><th>ബഡ്ജറ്റ് വിഹിതം</th></tr><tr><td>2018-19</td><td>1,66,84,475</td></tr><tr><td>2019-20</td><td>3 കോടി</td></tr><tr><td>2020-21</td><td>3 കോടി</td></tr><tr><td>2021-22</td><td>3 കോടി</td></tr><tr><td>2022-23</td><td>3 കോടി</td></tr><tr><td>2023-24</td><td>3 കോടി</td></tr><tr><td>2024-25</td><td>1 കോടി</td></tr></table><br>കൂടാതെ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം കുട്ടികൾക്ക് വ്യക്തമായ പാഠ്യപദ്ധതിയിലൂടെയുള്ള നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും നൽകുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് പ്രചോദനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് .പദ്ധതി 2025-26 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള തുക വിനിയോഗിച്ച് 2016 മുതൽ</td><td>(ബി)</td><td>ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നൽകി</td></tr>
</table>

| | | | |
|---|---|---|---|
| | നാളിതുവരെ സ്ഥാപിച്ചിട്ടുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്നും അതിന് ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ; | | പുനരധിവസിപ്പിക്കുന്നതിനായി 2 സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി 2019-20 സാമ്പത്തിക വർഷം മുതൽ അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. (പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽപരിശീലനം നൽകി വരുന്ന എൻ.ജി.ഒ സ്ഥാപനങ്ങളുടെ വിവരങ്ങളും ചെലവഴിച്ച തുകയുടെ വിവരങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ) |
| (സി) | പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2016 മുതലുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ലാപ്സായി പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് വേണ്ടിയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ബജറ്റ് വിഹിതം ഇതുവരേക്കും ചെലവഴിച്ചിട്ടില്ലെങ്കിൽ അത് ലാപ്സായി പോകാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | തുടർനടപടി സ്വീകരിക്കാവുന്നതാണ് . |
| (ഇ) | 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇത്തരക്കാർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ? | (ഇ) | വകയിരുത്തിയിട്ടുണ്ട് . പരിശോധിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ

അനുബന്ധം

അതിജീവനം പദ്ധതി പ്രകാരം തൊഴില്പരിശീലനം നൽകി വരുന്ന എൻ.ജി.ഒ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം | എന്.ജി.ഒ യുടെ പേര് | പദ്ധതി |
|---|---|---|
| 1 | ശ്രദ്ധ, തിരുവനന്തപുരം | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 2 | ബദാനിയ റീഹാബിലിറ്റേഷന് സെന്റർ, തിരുവനന്തപുരം | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 3 | കാർത്തിക നായർ മെമ്മോറിയൽ റീഹാബിലിറ്റേഷൻ സെന്റർ, പത്തനംതിട്ട | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 4 | സാന്ജോസ് വിദ്യാലയ , കോട്ടയം | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 5 | ശാന്തിഭവന്, തൃശ്ശൂർ | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 6 | ആശാഭവന്, അന്നമനട തൃശ്ശൂർ | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 7 | Association for Mentally Handicapped Adults (AMHA), തൃശ്ശൂർ | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 8 | ആദര്ശ് ചാരിറ്റബിൾ സൊസൈറ്റി, എറണാകുളം | ഷെല്റ്റേഡ് വർക്ക്ഷോപ്പ് |
| 9 | Kerala Rehabilitation Institute for the Physically Affected (KRIPA), എറണാകുളം | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 10 | ഫെയ്ത്ത് ഇന്ത്യ എറണാകുളം | വൊക്കേഷണല് റീഹാബിലിറ്റേഷൻ ട്രെയിനിംഗ് സെന്റർ |
| 11 | സ്നേഹിത കമ്മ്യൂണിറ്റി റീഹാബിലിറ്റേഷന് സെന്റർ, | പകല് പരിപാലന കേന്ദ്രം |

| | ആനക്കയം , മലപ്പുറം | |
|---|---|---|

<u>ചെലവഴിച്ച തുക, ബഡ്ജറ്റ് വിഹിതം എന്നിവയുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.</u>

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | റിമാർക്ക് |
|---|---|---|---|
| 2018-19 | 1,66,84,475 | 1,27,90,540/- | സർക്കാർ വിഹിതമായി അനുവദിച്ച തുകയാണ് ബഡ്ജറ്റ് വിഹിതമായി കാണിച്ചിരിക്കുന്നത്. |
| 2019-20 | 3 കോടി | 97,76,503/- | |
| 2020-21 | 3 കോടി | 79,44,109/- | |
| 2021-22 | 3 കോടി | 63,89,130/- | |
| 2022-23 | 3 കോടി | 1,40,67,262/- | |
| 2023-24 | 3 കോടി | 1,37,20,922/- | |
| 2024-25 | 1 കോടി | 67,79,660/- | പ്ലാൻ പ്രയോരിറ്റൈസേഷൻ കാരണം 1 കോടിയായി കുറച്ചു. |
| 2025-26 | | ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. | |
| | | | |